ചെയ്തത്. ശ്രീ. നായനാർ ഈ ഫയൽ എടുത്തതിനുശേഷം, സർക്കുലർ ചോർത്തിയതിനു ശേഷം, ശ്രീ. ബേബി ജോൺ ഇവിടെ വന്നു നിന്നിട്ട് ഞങ്ങളെ പ്രതിക്കൂട്ടിൽ നിർത്തുകയാണ്. ഈ സർക്കുലർ എങ്ങനെ ചോർന്നു? പ്രതി ആരാണ്? പ്രതി കപ്പലിലാണ്, അപ്പുറത്താണ് ഈ സമയത്ത് 'ഞാൻ ഭർതൃഹരിയുടെ നീതിശതകത്തിലെ' ഒരു പദ്യം ചൊല്ലട്ടെ :

പ്രസഹ്യ മണിമുദ്ധരേത് മകരവക്ത്രദംഷ്ട്രാന്തരാൽ
സമുദ്രമപി സന്തരേത് പ്രചലദൂർമ്മിമാലാകുലം
ഭുജംഗമപി കോപിതം ശിരസി പുഷ്പവദ് ധാരയേത്
നതു പ്രതിനിവിഷ്ട മൂർജനചിത്തമാരാധയേത്.

സർ, ഞാൻ അതിന്റെ അർത്ഥം കൂടി പറയാം. മകരമൽസ്യത്തിന്റെ വായ്ക്കകത്തുള്ള ദംഷ്ട്രകൾക്കിടയിൽക്കിടക്കുന്ന രത്നത്തെ ബലം പ്രയോഗിച്ച് വെളിയിലെടുക്കാം ; ഇളകി മറിയുന്ന തിരമാലകൾ നിറഞ്ഞ മഹാസമുദ്രത്തെ തരണം ചെയ്യാം. കോപിഷ്ടനായ സർപ്പത്തെയെടുത്ത് പുഷ്പം പോലെ ശിരസ്സിലണിയാം ; എന്നാൽ അൽപ്പജ്ഞൻമാരും അഹങ്കാരികളുമായ ദുർജ്ജനങ്ങളുടെ മനസ്സിനെ അനുരഞ്ജിപ്പിക്കുവാൻ ആർക്കും കഴിയുകയില്ല.....(ബഹളം)....നിങ്ങളുടെ മനസ്സിനെ അനുരഞ്ജിപ്പിക്കുവാൻ കഴിയുകയില്ല. നിങ്ങൾ ഐൻഡാണ്. ഇതൊക്കെ നിഷേധാത്മകതയാണ് ഇതാണ് ഈ രാജ്യത്തെ ഏറ്റവും വലിയ വിന. അതുകൊണ്ട് പ്രതിപക്ഷം ഇതൊന്നു ദയവായി ആലോചിക്കണം ബഹുമാനപ്പെട്ട ബേബി ജോണേ, നമുക്ക് ക്രിയാത്മകമായി ഓരോ കാര്യങ്ങളും വിലയിരുത്തുകയും ഓരോ കാര്യത്തോടും നല്ല സമീപനം സ്വീകരിക്കുകയും ചെയ്യണമെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ട് ഇവിടെ അവതരിപ്പിക്കുകയാണ്. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ബേബി ജോൺ : പ്രതി അവിടെത്തന്നെയുണ്ടെന്നേ പറയണമായിരുന്നു.

ശ്രീ. കെ. എം. മാണി : ആ കപ്പലിൽ ഉണ്ടെന്നാണ് പറഞ്ഞത്.

വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട സീതിഹാജി അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ

* * * *

പറയുകയുണ്ടായി. ഞാൻ അത് ശക്തിയായി നിഷേധിക്കുകയാണ്. എന്റെ മകൻ സോവിയറ്റ് യൂണിയനിൽ ലുമുമ്പാ യൂണിവേഴ്സിറ്റിയിൽ 7 വർഷം പഠിച്ചിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റും സോവിയറ്റ് യൂണിയനും തമ്മിലുള്ള വിദ്യാഭ്യാസവിനിമയ കരാറനുസരിച്ച് വർഷംതോറും സോവിയറ്റ് യൂണിയനിലെ ലുമുമ്പാ യൂണിവേഴ്സിറ്റിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അയയ്ക്കുന്നുണ്ട്. ഇൻഡ്യാ ഗവൺമെന്റാണ് എന്റെ മകനെ തെരഞ്ഞെടുത്ത് അയച്ചത്. അവന്റെ പഠിപ്പ് പൂർത്തിയായി നാട്ടിൽ വന്നു. ഇപ്പോഴും നാട്ടിലുണ്ട്. സീതിഹാജി അദ്ദേഹത്തിന്റെ വിവരക്കേടുകൊണ്ട് പറഞ്ഞതാണ് എന്നു മാത്രമേ എനിക്ക് പറയുവാനുള്ളു.

* * * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽ നിന്നു നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly